## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1422 — 04.02.2019-ൽ മറുപടിക്ക്

### വിദേശകപ്പലുകൾക്ക് ചൂര പിടിക്കുന്നതിനുള്ള അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ**<br>**,, ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരള തീരത്തോട് ചേർന്ന കടലിൽ നിന്ന് ചൂര ശേഖരം പിടിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകളെ വിലക്കുകയും അതേ സമയം വിദേശക്കപ്പലുകളെ അനുവദിക്കുകയും ചെയ്യുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 5000 വാട്സ് വെളിച്ചവും 495 കുതിരശക്തി എഞ്ചിനുമുള്ള സംസ്ഥാനത്തെ ബോട്ടുകൾക്ക് ബാധകമായ വിലക്ക് 20000 വാട്സിനു മുകളിൽ വെളിച്ചവും പതിനായിരവും അതിനുമുകളിലും കുതിര ശക്തി എഞ്ചിനുമുള്ള വിദേശകപ്പലുകൾക്ക് ബാധകമല്ലാത്തത് എന്തുകാരണങ്ങളാലാണെന്ന് കേന്ദ്രസർക്കാരിനോട് ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിദേശ കപ്പലുകൾക്ക് ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് അനുവദിച്ചിരുന്ന LOP കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് കേന്ദ്രസർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആഭ്യന്തര സമ്പദ്ഘടനയെ തകർക്കുംവിധം വിദേശകപ്പലുകൾക്ക് ചൂര പിടിക്കുന്നതിനുള്ള അനുമതി നല്കിയതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

Sheeba

സെക്ഷൻ ഓഫീസർ

( )/